**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2608** **23-02-2026 - ൽ മറുപടിയ്ക്ക്**

**കക്കയം പെൻസ്റ്റോക്ക് സ്ഥാപിക്കാൻ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കക്കയം പവർ സ്റ്റേഷനിലേക്കുള്ള പെൻസ്റ്റോക്ക് പൈപ്പ് ലൈൻ സ്ഥാപിക്കാൻ വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നൽകാൻ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപരിഹാരം നൽകാനുള്ള കുടുംബങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (എ) | കക്കയം പവർ ഹൗസിലേയ്ക്കുള്ള പെൻസ്റ്റോക്ക് സ്ഥാപിക്കുന്ന വേളയിൽ, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം (KAES)-നു വേണ്ടി രണ്ടാമത്തെ പെൻസ്റ്റോക്ക് സ്ഥാപിച്ചപ്പോൾ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 6.55 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുകയും, അതിൽ 1.65 ഹെക്ടർ സ്ഥലം വനംവകുപ്പിന്റെ അധീനതയിലാ ണെന്ന വാദം അംഗീകരിക്കുകയും ടി ഭൂമി ഒരു ലീസ് എഗ്രിമെന്റ് പ്രകാരം 18.90 ലക്ഷം രൂപ വകുപ്പിനു നൽകി പദ്ധതിക്കായി കെ.എസ്.ഇ.ബി.എൽ ഏറ്റെടുക്കുകയും ചെയ്തിരുന്നു. ടി 1.65 ഹെക്ടർ കൈവശം വെച്ച് അനുഭവിച്ചിരുന്ന വ്യക്തികൾക്ക് ഭൂമിയിൽ അതുവരെ അവർ നടത്തി എന്ന് അവകാശപ്പെട്ടിരുന്ന 'ഭൂമി മെച്ചപ്പെടുത്തൽ' കണക്കിലെടുത്തുകൊണ്ട് ബോർഡ് ഉത്തരവ് പ്രകാരം Rs.10,70,000/-യും അന്നു നൽകുകയുണ്ടായി. എന്നാൽ ഏറ്റെടുത്ത 1.65 ഹെക്ടർ ഭൂമി വനംവകുപ്പിന്റെ കീഴിലുള്ളതല്ല എന്ന് അറിയിച്ചുകൊണ്ട് 12.04.2022 തീയതിയിലെ കത്ത് വനംവകുപ്പ് കെ.എസ്.ഇ.ബി.എൽ-ന് നൽകി. 24.09.2025- ലെ കൊയിലാണ്ടി തഹസിൽ ദാരുടെ കത്ത് പ്രകാരം കൊയിലാണ്ടി തഹസിൽദാർ അപേക്ഷകരുടെ ഭൂമിയും മറ്റു രേഖകളും പരിശോധിക്കണമെന്നും പ്രസ്തുത ഭൂമി മിച്ചഭൂമി നടപടിക്രമങ്ങളിൽ ഒന്നും ഉൾപ്പെട്ടിട്ടില്ല എന്നും ബോധ്യമായാൽ മുൻകാല കുടിശ്ശിക സഹിതം ഭൂനികുതി സ്വീകരിച്ച സർട്ടിഫിക്കറ്റ് നൽകണമെന്നും കൂരാച്ചുണ്ട് വില്ലേജ് ഓഫീസറോട് നിർദ്ദേശിക്കുകയു ണ്ടായി. ഇതുപ്രകാരം അപേക്ഷകരുടെ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കുന്ന തിലേക്കായി വേണ്ടുന്ന നികുതി, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ കൂരാച്ചുണ്ട് വില്ലേജ് ഓഫീസർ അനുവദിച്ചിട്ടുണ്ട് എന്നവിവരം ബഹു. ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്ന് 03.11.2025- നു മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ |

| | | | |
|---|---|---|---|
| | | | സെല്ലിലേക്ക് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം ശ്രീമതി ലീല ചുവപ്പൊയ്ക്കയിൽ, വിനോദ് കുറുമുറ്റത്ത്, ജോസഫ് കുറുമുറ്റത്ത്, ത്രേസ്യ കുറുമുറ്റത്ത്, ത്രേസ്യാമ പൂവത്തിങ്കൽ എന്നിവരുടെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിലേക്കായി വേണ്ടുന്ന നികുതി, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ കെ.എസ്.ഇ.ബി.എൽ-നു ലഭ്യമാക്കി യിട്ടുണ്ട്. നഷ്ടപരിഹാരം നൽകാനുള്ള കുടുംബങ്ങൾക്ക് അടിയന്തിരമായി നഷ്ട പരിഹാരം നൽകാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ച് വരുന്നു. ആയതിനാൽ ഇതിനായുള്ള നടപടിക്രമ ങ്ങളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ